# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1765 | | | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| പ്ലാസ്റ്റിക് മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അനിൽ അക്കര | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്ലാസ്റ്റിക് മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്ലാസ്റ്റിക് മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ ഹരിതകർമസേനയുടെ സഹായത്തോടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുകയും അവിടെ നിന്നും തരംതിരിച്ച് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പുനഃചംക്രമണ വിധേയമാക്കാവുന്ന വസ്തുക്കൾ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഉൾപ്പെടെയുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) കളിലെത്തിച്ച് ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ പുനഃചംക്രമണത്തിനായി കൈമാറുക, പുനഃചംക്രമണ വിധേയമല്ലാത്ത പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാറിങ്ങിനായി വിനിയോഗിക്കുക എന്നതാണ് പ്രധാന സമീപനം. ഇതിനനുസൃതമായ പ്രോജക്ടുകൾ നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br>പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക, പുനഃരുപയോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഗ്രീൻ പ്രോട്ടോക്കോൾ വ്യാപകമാക്കുവാനുള്ള പ്രവർത്തനങ്ങളും വ്യാപകമായി നടപ്പിലാക്കുന്നുണ്ട്. പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രോജക്ടുകളുമുണ്ട്. |
| (ബി) | പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അവയ്ക്ക് പകരം | (ബി) | • പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് പകരം |

| | | | |
|---|---|---|---|
| | ഉപയോഗിയ്ക്കാവുന്ന നവീന ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമായി ശുചിത്വ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | | പ്രകൃതി സൗഹൃദ ബദൽ ഉല്പന്നങ്ങളുടെ ഉല്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് ഇൻസെന്റീവ്.<br>• ഗ്രീൻ പ്രോട്ടോക്കോൾ നടപടികൾ<br>• ജനങ്ങളിൽ അനുകൂല മനോഭാവം രൂപികരിക്കുന്നതിന് ശുചിത്വമിഷൻ മുഖേനയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. |
| (സി) | പ്രസ്തുത പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ? | (സി) | വിലയിരുത്തിയിട്ടുണ്ട്; വിജയപ്രദമാണ്. |

സെക്ഷൻ ഓഫീസർ